കേരള സർക്കാർ

# വാഴക്കുളം ഗ്രാമപഞ്ചായത്ത്

2016-17

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ് എ-ഇ കെ എം (പി5)1594/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

തീയതി 10/10/2017

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
വാഴക്കുളം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : വാഴക്കുളം ഗ്രാമപഞ്ചായത്ത് – 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നു

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ വാഴക്കുളം ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം ജില്ല
3)കാര്യാലയ പകർപ്പ്

നം.കെ എസ് എ-ഇ കെ എം (പി5)1594/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030

ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

തീയതി 10/10/2017

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ

2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 01.04.2016 മുതൽ 30.06.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചതിന് ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.07.2017 മുതൽ 02.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഷേർളി പീറ്റർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വിനീത് ആർ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷൈബി ഇ.ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.അനീഷ് ആർ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീമതി വിജി സണ്ണി | 01.04.2016 | 31.03.2017 |

.

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | മുതൽ | വരെ |
|---|---|---|---|
| സെക്രട്ടറി | ശ്രീ. എ.എം.മീതിയൻ | 01.04.2016 | 14.07.2016 |
| | ശ്രീ. പി.എം. അബ്ദുൾ ലത്തീഫ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 15.07.2016 | 03.08.2016 |
| | ശ്രീ.സി. മണികണ്ഠൻ | 04.08.2016 | 19.10.2016 |
| | ശ്രീ.എം. മൊയ്തുണ്ണിക്കുട്ടി | 20.10.2016 | 31.03.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. എം. ജി.സുമ | 01.04.2016 | 24.07.2016 |
| | ശ്രീ. കെ.മുരുകൻ | 25.07.2016 | 31.03.2017 |
| കൃഷി ഓഫീസർ | ശ്രീമതി. ബിൻസി എബ്രഹാം | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. പാർവ്വതി ഉണ്ണിത്താൻ | 01.04.2016 | 23.08.2016 FN |
| | ശ്രീ. യൂസഫ് കെ. എ. | 23.08.2016 AN | 31.03.2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ഉണ്ണികൃഷ്ണൻ ജി. | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അമ്പിളി കെ. എസ്. | 01.04.2016 | 24.06.2016 |
| | ഡോ.ജലീന | 25.06.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.മിനിമോൾ വി. എൻ. | 01.04.2016 | 26.08.2016 |
| | ഡോ.ഷീജ | 27.08.2016 | 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. മഞ്ജു ബി. | 01.04.2016 | 21.06.2016 |
| | ശ്രീമതി. ഉമ്മു ഹബീബ | 22.06.2016 | 16.08.2016 |
| | ശ്രീമതി. സിജി വർഗ്ഗീസ് | 17.08.2016 | 31.03.2017 |
| വെറ്റിനറി സർജൻ | ഡോ. ബബിത മാത്യു | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വാഴക്കുളം | ശ്രീ.പി.കെ. മുഹമ്മദ് സിദ്ദിഖ് | 01.04.2016 | 26.10.2016 |
| | ശ്രീ ജോർജ്ജ് | 27.10.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മഞ്ഞപ്പെട്ടി | ശ്രീമതി.സന്ധ്യ സി.ബി. | 01.04.2016 | 26.10.2016 FN |
| | ശ്രീ ബോബി എം. ജി. | 26.10.2016 AN | 31.03.2017 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. ശ്രീനി വർഗ്ഗീസ് | 01.04.2016 | 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം 2 | |
| 13 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - നികുതി നഷ്ടം | 2-1 |
| 14 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 |
| 15 | ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഈടാക്കിയില്ല | 2-3 |
| 16 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി കൈയ്യേറി- ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചില്ല | 2-4 |
| 17 | അൺ എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയില്ല | 2-5 |
| 18 | വാർഷിക ധനകാര്യപത്രികയുടെ അവലോകനവും വിശകലനവും | 2-6 |
| | ഭാഗം -3 | |
| 19 | ഒരേ വ്യക്തിക്ക് 2 ആനുകൂല്യം 19,926/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 20 | എസ്.സി യുവജനങ്ങൾക്ക് സ്കൂട്ടർ -രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 3-2 |
| 21 | ടാറിംഗ് പ്രവൃത്തികൾ – ബില്ലിൽ നിന്നും കാലി വീപ്പയുടെ വില കുറവ് ചെയ്തില്ല-നഷ്ടം 19030/-രൂപ | 3-3 |
| 22 | ടി എച്ച് ആർ എസ് അമൃതം ഫുഡ് സപ്ലിമെന്റിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല | 3-4 |
| 23 | ആദായ നികുതി ഈടാക്കിയില്ല | 3-5 |
| 24 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ ഗുരുതരമായ അപാകതകൾ | 3-6 |
| 25 | ഇ ടെൻഡർ – ടെണ്ടർ ഫീ പഞ്ചായത്തിന് ലഭ്യമാകുന്നില്ല | 3-7 |
| 26 | ജനറേറ്ററിന്റെ ലോഗ് ബുക്ക് പരിപാലിക്കുന്നില്ല. | 3-8 |
| 27 | മുട്ടക്കോഴി വിതരണം-ഗുണഭോക്താക്കളിൽ നിന്ന് വാറ്റ് ഇടാക്കി | 3-9 |
| 28 | തെറ്റായ താരിഫ് നിർണ്ണയം നാളിതു വരെ ക്രമീകരിച്ചില്ല | 3-10 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ കരാറുകൾ അപൂർണ്ണം | 3-11 |

| | | |
|---|---|---|
| 30 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് | 3-12 |
| 31 | പാലിയേറ്റീവ് കെയർ സേവനത്തിനുള്ള വാഹന ഉപയോഗം. | 3-13 |
| | ഭാഗം 4 | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 3 |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 22.02.2016 തീയതിയിലും പുതുക്കിയ ബജറ്റ് 14.03.2017 ലും അജണ്ട തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 102097054 | 106903204 |
| വാർഷിക കണക്കുകൾ പ്രകാരം | 64076564 | 57506840 |

ഇ.എഫ്.എം.എസ്.മുഖേനയുള്ള MGNREGA, ബി ഫണ്ട് എന്നിവയുടെ യഥാക്രമം 1.52 കോടി രൂപയുടേയും, 4.5 കോടി രൂപയുടേയും വരവ്-ചെലവ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ്-ചെലവുകളിൽ ഉൾപ്പെട്ടിട്ടില്ല. ഈ വരവ്-ചെലവ് ഉൾപ്പെടുത്തിയാൽ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കിനേക്കാൾ കൂടുതലാണ് യഥാർത്ഥ വരവ്-ചെലവ് എന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് ശരിയായവിധം തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 15.07.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യപത്രികയിൽ ന്യൂനതകൾ ഉള്ളതായി കാണുന്നു. വിശദാംശം ഖണ്ഡിക 2-6 ൽ ചേർത്തിട്ടുണ്ട്.

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21008194.87 |
| വരവ് | 64076564.00 |
| ആകെ | 85084758.87 |
| ചെലവ് | 57506840.00 |
| നീക്കിയിരിപ്പ് | 27577918.87 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| പൊതുവിഭാഗം | 0 | 14035900 | 13311678 | 724222 | 95% |
| എസ്.സി.പി. | 0 | 5912520 | 3754689 | 2157831 | 64% |
| ടി.എസ്.പി. | 0 | 255489 | 36450 | 219039 | 14% |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 13193322 | 4478584 | 8714738 | 34% |
| സംരക്ഷണഗ്രാന്റ്-നോൺ റോഡ് | 0 | 3834333 | 1703577 | 2130756 | 44% |
| 13-ാംധനകാര്യ കമ്മീഷൻഗ്രാന്റ് | 0 | 7871215 | 5966187 | 1905028 | 76% |
| പെർഫോമൻസ് ഗ്രാന്റ് (ലോകബാങ്ക്) | 0 | 4827481 | 360321 | 4467160 | 7.5% |

.

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 185 | 70602356 | 100 | 36837170 | 67 | 18 | 54% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

10

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.77 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 14710704 | 12904625 | 1806079 | (-)12.2% |
| നികുതിയേതര വരവുകൾ | 2277769 | 3430293 | 1152524 | (+)50.6% |
| മറ്റുവരവുകൾ | 390659 | 735381 | 344722 | (+)88.2% |
| ആകെ | 17379132 | 17070299 | 308833 | (-)1.77% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 217680 | 126 |
| കർഷകതൊഴിലാളി പെൻഷൻ | 3714900 | 449 |
| വിധവാപെൻഷൻ | 15514040 | 1497 |
| വാർദ്ധക്യകാലപെൻഷൻ | 21782920 | 2240 |
| വികലാംഗപെൻഷൻ | 4126385 | 476 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 229370 | 25 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

.

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.07.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,844/- (പന്ത്രണ്ടായിരത്തി എണ്ണൂറ്റി നാല്പത്തി നാല് )രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിൽ ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാണ്. ഇൻകുംബൻസി രജിസ്റ്റർ ഓഫീസിൽ പരിപാലിച്ച് കാണുന്നില്ല. ആയത് എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് ഉള്ളവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ ലഭിച്ച വരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 500 | 25 | 1529 | 2054 | 918 | 918 | 10890 | 375 | 20688 | 31953 | 25 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 04.07.2017 | ജൂൺ 2017 | ലഭിച്ചിട്ടില്ല. |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 29.11.2010 | 2005-06 മുതൽ 2009-10 വരെ | 08.01.2011 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - നികുതി നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗങ്ങൾക്ക് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ 19/2011 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാഴക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ വസ്തുനികുതി പരിഷ്കരണത്തിനുള്ള 17/10/2011ലെ മൂന്നാം നമ്പർ തീരുമാന പ്രകാരം, വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ, ഒരേ വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 60 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 50 രൂപ നിരക്കിലുമാണ് നികുതി ഈടാക്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം,/ കെട്ടിട നം. | കെട്ടിട ഉടമ | വിസ്തൃതി (പ്ലിന്ത് ഏരിയ ച. മീ.) | ഈടാക്കേണ്ട നികുതി 60 രൂപ നിരക്കിൽ (വർദ്ധനവ് ഇളവ് ഉൾപ്പെടെ) | ഈടാക്കിയ നികുതി 50 രൂപ നിരക്കിൽ (വർദ്ധനവ് -ഇളവ് ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|---|
| I/676B | അബ്ദുൾ ഖാദർ കെ.കെ, കടവിൽ | 36.15 | 2603+LC 131 | 2169+LC 109 | 434+LC 22 |
| I/676C | ,, | 72.29 | 5205+LC 261 | 4338+LC 217 | 867+LC44 |
| I/676D | ,, | 24.55 | 1768+LC 89 | 1400+LC 70 | 368+LC 19 |
| IV/368A | അജി, സാറ തേന്നൂർ | 9.55 | 688+LC 35 | 574+LC 29 | 114+LC 6 |
| IV/368B | ,, | 45.97 | 3310+LC 166 | 2759+LC 138 | 551+LC28 |
| IV/368C | ,, | 25.48 | 1835+LC 92 | 1529+LC 77 | 306+LC 15 |
| IV/368D | ,, | 37.74 | 2718+LC 136 | 2265+LC 114 | 453+LC 22 |
| IV/368E | ,, | 34.61 | 2492+LC 125 | 2050+LC 103 | 442+LC 22 |
| V/615C | അബ്ദുൾനസീർ, തുകലിൽ | 6.5 | 468+LC 24 | 390+LC 20 | 78+LC4 |
| V/615D | ,, | 24 | 1728+LC 87 | 1440+LC69 | 288+LC 18 |
| V/615E | ,, | 34 | 2448+LC 122 | 2040+LC97 | 408+LC 25 |
| V/615F | ,, | 34 | 2448+LC 122 | 2040+LC97 | 408+LC 25 |
| V/615G | ,, | 45.92 | 3307+LC 166 | 2756+LC 181 | 551+LC 15 |
| VII/126A | അബ്ദുൽ റഹ്മാൻ, പണിക്കരുകുടി | 24.24 | 1746+LC 88 | 1455+LC 73 | 291+LC 15 |
| VII/126B | ,, | 24.24 | 1746+LC 88 | 1455+LC 73 | 291+LC 15 |
| VII/126C | ,, | 24.24 | 1746+LC 88 | 1455+LC 73 | 291+LC 15 |
| VII/126D | ,, | 24.24 | 1746+LC 88 | 1455+LC 73 | 291+LC 15 |
| VII/126E | ,, | 24.24 | 1746+LC 88 | 1455+LC 73 | 291+LC 15 |
| VII/126F | ,, | 24.31 | 1751+LC 88 | 1459+LC 73 | 292+LC 15 |

| | | | | | |
|---|---|---|---|---|---|
| VII/126G | ,, | 24.31 | 1751+LC 88 | 1459+LC 73 | 292+LC 15 |
| VII/126H | ,, | 24.31 | 1751+LC 88 | 1459+LC 73 | 292+LC 15 |
| VII/126J | ,, | 24.31 | 1751+LC 88 | 1459+LC 73 | 292+LC 15 |
| IX/430A | കെ.കെ. യൂനസ്, കണ്ടന്തറ | 30.40 | 2189+LC 110 | 1824+LC 92 | 365+LC 18 |
| IX/430B | ,, | 35.70 | 2570+LC 129 | 2143+LC 108 | 427+LC 21 |
| IX/430C | ,, | 35.70 | 2570+LC 129 | 2143+LC 108 | 427+LC 21 |
| IX/430D | ,, | 19.50 | 1404+LC 70 | 1170+LC 59 | 234+LC 11 |
| IX/430E | ,, | 31.30 | 2254+LC 112 | 1878+LC 94 | 376+LC 18 |
| IX/430F | ,, | 35.90 | 2585+LC 129 | 2153+LC 108 | 432+LC 21 |
| IX/430G | ,, | 35.90 | 2585+LC 129 | 2153+LC 108 | 432+LC 21 |
| IX/430H | ,, | 35.90 | 2585+LC 129 | 2153+LC 108 | 432+LC 21 |
| IX/430I | ,, | 26.40 | 1901+LC 95 | 1584+LC 80 | 317+LC 15 |
| IX/430J | ,, | 26.40 | 1901+LC 95 | 1584+LC 80 | 317+LC 15 |
| IX/325A | പരീദുദ്ധീൻ, മുണ്ടക്കോളം | 34.50 | 2484+LC 124 | 2070+LC 104 | 414+LC 20 |
| IX/325B | ,, | 22.50 | 1620+LC 81 | 1350+LC 68 | 270+LC 13 |
| IX/325C | ,, | 22.50 | 1620+LC 81 | 1350+LC 68 | 270+LC 13 |
| IX/325D | ,, | 22.50 | 1620+LC 81 | 1350+LC 68 | 270+LC 13 |
| IX/325E | ,, | 25.50 | 1836+LC 92 | 1530+LC 77 | 306+LC 15 |
| IX/325F | ,, | 23.50 | 1692+ LC 85 | 1410+LC 71 | 282+LC 14 |
| IX/325G | ,, | 51.50 | 3708+LC 185 | 3090+LC 155 | 610+LC 30 |
| IX/325H | ,, | 8.50 | 612+LC 31 | 510+LC 26 | 102 + LC 5 |
| X/103 C | പക്കാർ വാരിക്കാടൻ | 20.00 | 1368+LC 68 | 1140+LC 57 | 228+LC 11 |
| X/103D | ,, | 28.00 | 1915+LC 96 | 1596+LC80 | 319+LC 16 |
| X/103E | ,, | 28.00 | 1915+LC 96 | 1596+LC80 | 319+LC 16 |
| X/103F | ,, | 28.00 | 1915+LC 96 | 1596+LC80 | 319+LC 16 |
| X/651A | ഇബ്രാഹിം, കാനാമ്പ്രത്ത് | 25.00 | 1800+LC 90 | 1500+LC 75 | 300+LC 15 |

| | | | | | |
|---|---|---|---|---|---|
| X/651B | ,, | 25.00 | 1800+LC 90 | 1500+LC 75 | 300+LC 15 |
| X/651C | ,, | 25.00 | 1800+LC 90 | 1500+LC 75 | 300+LC 15 |
| X/651D | ,, | 25.00 | 1800+LC 90 | 1500+LC 75 | 300+LC 15 |
| X/651E | ,, | 25.00 | 1800+LC 90 | 1500+LC 75 | 300+LC 15 |
| X/651F | ,, | 2.80 | 202+LC 10 | 158+LC 9 | 44+LC 1 |
| XV/535A | എം.എസ്.യൂസഫ് മേതരുകടി | 65.34 | 4469+LC 235 | 3725+LC 187 | 744+LC 48 |
| XV/535B | ,, | 65.34 | 4234+LC 212 | 3529+LC 177 | 705+LC 35 |
| XVI/645B | കാർത്ത്യായനി, നടുവിലെവീട്ടിൽ | 37.96 | 2733+LC 137 | 2278+LC 114 | 455+LC 23 |
| XVI/645C | ,, | 24.31 | 1750+LC 88 | 1459+LC 73 | 291+LC 15 |
| XVI/645D | ,, | 51.50 | 3522+LC 176 | 2936+LC 147 | 586+LC 29 |
| XVI/645E | ,, | 51.50 | 3522+LC 176 | 2936+LC 147 | 586+LC 29 |
| XVI/645F | എം.നാരായണൻ, ഞരളക്കാട് | 57.73 | 4157+LC 208 | 3464+LC 174 | 693+LC 34 |
| XVI/645G | ,, | 57.73 | 4157+LC 208 | 3464+LC 174 | 693+LC 34 |
| XVI/645H | ,, | 77.76 | 5319+LC 266 | 4433+LC 222 | 886+LC 44 |
| XVI/645I | ,, | 24.85 | 1700+LC 85 | 1417+LC 71 | 283+LC 14 |
| XVI/649B | ലൈജു ജോൺ, തലക്കാവിൽ | 59.40 | 4277+LC 214 | 3564+LC 179 | 713+LC 35 |
| XVI/649C | ,, | 49.30 | 3550+LC 178 | 2958+LC 148 | 592+LC 30 |
| XVI/649D | ,, | 66.60 | 4555+LC 228 | 3797+LC 190 | 758+LC 38 |
| XIX/99E | അബ്ബാസ്, നായത്ത് വീട് | 51.50 | 3708+LC 185 | 3090+LC 155 | 618+LC 30 |
| XIX/99F | ,, | 51.50 | 3708+LC 185 | 3090+LC 155 | 618+LC 30 |
| XX/737E | അബ്ദുൾ ഖാദർ, നായത്ത് | 18.59 | 1339+LC 67 | 1116+LC 56 | 223+LC 11 |
| XX/737F | ,, | 18.59 | 1339+LC 67 | 1116+LC 56 | 223+LC 11 |

| | | | | | |
|---|---|---|---|---|---|
| XX/737G | ;; | 18.59 | 1339+LC 67 | 1116+LC 56 | 223+LC 11 |
| XX/737H | ;; | 18.59 | 1339+LC 67 | 1116+LC 56 | 223+LC 11 |
| XX/737I | ;; | 18.59 | 1339+LC 67 | 1116+LC 56 | 223+LC 11 |
| XX/737J | ;; | 40.00 | 2880+LC 144 | 2400+LC120 | 480+LC 44 |
| XX/737K | ;; | 40.00 | 2880+LC 144 | 2400+LC120 | 480+LC 44 |
| XX/737L | ;; | 24.00 | 1728+LC 86 | 1440+LC 72 | 288+LC 14 |
| XX/750a | അഭിലാഷ് അഞ്ജലി വീട് | 155.00 | 11160+LC558 | 9300+LC 465 | 1860+LC93 |
| XX/750b | ;; | 60.00 | 4320+LC 216 | 3600+LC 180 | 720+LC 36 |
| XX/750 c | ;; | 68.00 | 4896+LC 245 | 4080+LC 204 | 816+LC 41 |
| ആകെ | | | | | 31265+ LC 1635 |

ചട്ടവിരുദ്ധമായി വസ്തു നികുതി നിർണ്ണയം നടത്തിയത് മൂലം 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ഫണ്ടിന് 31265/- രൂപയുടേയും, ഗ്രന്ഥശാല വരി ഇനത്തിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന് 1635/- രൂപയുടേയും നഷ്ടം ഉണ്ടായിട്ടുണ്ട്. ചട്ടപ്രകാരം വസ്തുനികുതി പുനർനിർണ്ണയിച്ച്, നികുതി ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204(3) പ്രകാരം, ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഇതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ഏത് തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ് (1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ, ചട്ടം 13). എന്നാൽ, വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളോട് 2016-17 ലെ രണ്ട് അർദ്ധവർഷങ്ങളിലും ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടുകയോ, തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ഹോളി ക്രസൻറ് കോളേജ് ഓഫ് ആർകിടെക്ചർ |
| 2 | റ്റി.എം.ജെ. പബ്ലിക് സ്കൂൾ |
| 3 | ത്രീസ്റ്റാർ ഇൻഡസ്ട്രീസ്, സൗത്ത് വാഴക്കുളം |
| 4 | ബിസ്മി മെറ്റൽസ്, ചെമ്പറക്കി |
| 5 | വി.എ.കെ. ഗ്രാനൈറ്റ്സ്, കീൻപുറം |
| 6 | എസ്.ബി ട്യൂബ്സ് & പൈപ്പ്സ്, സൗത്ത് ഏഴിപ്രം |
| 7 | റ്റി.എം.ബി ഗ്രാനൈറ്റ്സ്, ചെമ്പറക്കി |
| 8 | ഏദൻ പ്ലൈവുഡ്, സൗത്ത് ഏഴിപ്രം |

| | |
|---|---|
| 9 | ടെക്കോൺ ഹൈഡ്രോളിക് പേവിംഗ് ടൈൽസ്, മുടിക്കൽ |
| 10 | നിസ്സാറ മെറ്റൽസ്, സൗത്ത് വാഴക്കുളം |
| 11 | ഡൈമണ്ട് പോളിമേഴ്സ്, സൗത്ത് വാഴക്കുളം |
| 12 | ഫെനിക്സ് സൊല്യൂഷൻസ് (പി) ലിമിറ്റഡ്, മുടിക്കൽ |
| 13 | ഇറ്റാലിയ ഇൻഡസ്ട്രീസ്, സൗത്ത് വാഴക്കുളം |
| 14 | റിധ കെമിക്കൽസ്, (V/684) |
| 15 | സതേൺ പ്ലൈവുഡ് |
| 16 | വിക്ടറി വുഡ് ഇൻഡസ്ട്രീസ് |
| 17 | ന്യൂ പ്ലൈവുഡ് ഇൻഡസ്ട്രീസ് |
| 18 | കടവിൽ എക്വിപ്മെന്റ്സ് |
| 19 | ചന്ദ്രിക പ്ലൈവുഡ്സ്, മുടിക്കൽ |

മേൽ പട്ടികയിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഇനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ വൻ കുടിശിക ഉണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | കെട്ടിട നം | കെട്ടിട ഉടമ | പ്രതി മാസ വാടക | കുടിശ്ശിക യുള്ള മാസ ങ്ങളുടെ എണ്ണം | കുടി ശ്ശിക | സെക്യൂ രിറ്റി ഡെപ്പോ സിറ്റ് |
|---|---|---|---|---|---|---|
| 1 | XII/713D | പാത്തുക്കുഞ്ഞ്, കുടിലിങ്ങൽ | 3650 | 5 | 18250 | 285000 |
| 2 | XII/713F | മാഹിൻകുട്ടി, മാത്തേക്കാട്ട് | 21900 | 7 | 153300 | 1000000 |
| 3 | XII/713A | സന്തോഷ് കെ.സി. കാവളംമാക്കൽ | 25550 | 10 | 255500 | 1001000 |
| 4 | XII/713E | പരീത്, ആമിനക്കുട്ടി വീട് | 3650 | 10 | 36500 | 1102339 |
| 5 | XII/713G | ഹൈഡ്രോസ്, കരിഞ്ചേരി | 21900 | 10 | 219000 | 1000000 |
| | | ആകെ | | | 682550 | |

വാടകയിനത്തിൽ കിട്ടാനുള്ള കുടിശ്ശിക കരാറുകാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിൽ നിന്നും കരാർ പ്രകാരമുള്ള (പ്രതിമാസം 1%) പിഴപ്പലിശ ഉൾപ്പെടെ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി കയ്യേറി- ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചില്ല

പഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കടമുറി (XII/713F) മാഹിൻകുട്ടി, നാത്തേക്കാട്ട് എന്ന വ്യക്തിക്ക് 24/01/2017 വരെ വാടകക്ക് നൽകിയിരുന്നു. എന്നാൽ, വാടകയിനത്തിൽ ടിയാൻ 153300/-രൂപ കുടിശിക വരുത്തിയിട്ടുണ്ട്. പ്രസ്തുത മുറിയിൽ 24/01/2017ന് ശേഷം ബി സാദിഖ്, വേലൻകുടി എന്നയാൾ അനധികൃതമായി കച്ചവടം നടത്തി വരുന്നതായി വാടക സംബന്ധമായ ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട് എന്നാൽ, പഞ്ചായത്തുമായി കരാറില്ലാതെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കാൻ നോട്ടീസ്

അയച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് ഭരണസമിതിയുടേയും സെക്രട്ടറിയുടേയും ഭാഗത്തു നിന്നുമുണ്ടായ ഗുരുതര വീഴ്ച്ചയാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 166(1) പട്ടിക 3 പ്രകാരം പൊതുമുതൽ കൈയ്യേറ്റം ചെയ്യപ്പെടാതെ സൂക്ഷിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ആയതിനാൽ, ഷോപ്പിംഗ് കോംപ്ലക്സ് കടമുറി അനധികൃതമായി കയ്യേറിയ വ്യക്തിക്കെതിരെ നിയമനടപടി സ്വീകരിക്കുകയും, കയ്യേറ്റം ഒഴിപ്പിക്കുകയും നഷ്ടപരിഹാരം ഈടാക്കേണ്ടതുമാണ്.

വിഷയത്തിൽ ഭരണസമിതിയുടേയും ഭരണവകുപ്പിന്റേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അടിയന്തിര അന്വേഷണം നടത്തി വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്ന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 2-5 അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയില്ല

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 01/06/2007ലെ 2427/07 സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ എൽ.എസ്.ജി.ഡി. എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 19/08/97ലെ 84/97/PW&T സർക്കാർ ഉത്തരവ് പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഹൈസ്കൂളുകൾക്ക് 1000 രൂപയും, യു പി സ്കൂളുകൾക്ക് 300 രൂപയും, എൽ.പി. സ്കൂളുകൾക്ക് 200 രൂപയുമാണ് ഫീസ്. വാഴക്കുളം ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിഭാഗം |
|---|---|---|
| 1 | ജാമിയ ഹസാരിയ പബ്ലിക് സ്കൂൾ വാഴക്കുളം | ഹൈസ്കൂൾ |
| 2 | ക്യൂൻ മേരീസ് ഇ.എം.എച്ച്.എസ്. മുടിക്കൽ | ഹൈസ്കൂൾ |
| 3 | ഷറാഫിയ ഇ.എം.എൽ.പി. സ്കൂൾ മുടിക്കൽ | എൽ.പി. സ്കൂൾ |
| 4 | റ്റി.എം.ജെ. പബ്ലിക് സ്കൂൾ വാഴക്കുളം | യു.പി. സ്കൂൾ |

അനിവാര്യ ചുമതലകൾക്ക് പുറമെ പഞ്ചായത്തുകളുടെ പ്രവർത്തനം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, നിർദ്ദേശങ്ങളും പാലിക്കുക എന്നത് പഞ്ചായത്തുകളുടെ ഉത്തരവാദിത്തമാണ്. എന്നാൽ, സ്കൂൾസുരക്ഷയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച ഉത്തരവ് വാഴക്കുളം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. ആയതിനാൽ, ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ അൺ-എയ്ഡഡ് സ്കൂളുകളുടേയും കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വേണ്ട നടപടിക്രമങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-6 വാർഷിക ധനകാര്യപത്രികയുടെ അവലോകനവും വിശകലനവും

വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യപത്രികകളുടെ ഭാഗമായ റസീപ്റ്റ്സ് ആന്റ് പേയ്മെന്റ്സ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭ മുൻബാക്കി 2,10,08,194.87/- രൂപയും തൻവർഷവരവ് 6,40,76,564/- രൂപയും തൻവർഷത്തെ ചെലവ് 5,75,06,840/- രൂപയും വർഷാവസാനബാക്കി 2,75,77,918.87/- രൂപയുമാണ് (അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് മാത്രം.കാഷ് ബാലൻസ് ഇല്ല). തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം 11,90,06,815/- രൂപയും ആകെ ചെലവ് 11,15,50,621/- രൂപയുമാണ്. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളിലൂടെ (Prior Period Items) അധിക വരുമാനമായി കണക്കാക്കിയ 21,63,789/- രൂപ ഉൾപ്പടെയുള്ള പ്രവർത്തന മിച്ചം 96,19,983/- രൂപയുമാണ്. 31-3-2017 ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 2,30,49,235/- രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 5,32,25,734.57/- രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 1,67,09,077.30/- രൂപയുമാണ്.

മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രികകൾ ഓഡിറ്റിൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കുകയോ പിന്തുടർന്ന അക്കൗണ്ടിംഗ് പോളിസികളുടെ വിവരം, സ്ഥിരീകരിക്കാത്ത സ്റ്റേറ്റ്മെന്റുകളുടേയും തുകകളുടേയും വിവരം എന്നിവ വെളിപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഇ.എഫ്.എം.എസ് സംവിധാനത്തിലൂടെ വിനിമയം ചെയ്യപ്പെട്ട തുകയായി കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 1,52,51,195/-രൂപയാണെങ്കിലും ഇതിനായുള്ള കാഷ് ബുക്ക് പ്രകാരം ആകെ തുക 1,45,46,000/-രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

3. പഞ്ചായത്തിന്റെ ആസ്തി കണക്കാക്കിയിരിക്കുന്നതിൽ (ബി-11 ഷെഡ്യൂളിൽ) പഞ്ചായത്തിനുള്ള ഭൂമിയുടെ മൂല്യം, വാഹനത്തിന്റെ മൂല്യം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

4. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26/7/2011 ലെ ജി.ഓ (എം.എസ്) 152/2011വിവരിക്കുന്ന പ്രകാരം ആസ്തി ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല. ആയതിനാൽ കണക്കാക്കപ്പെട്ട ജനറൽഫണ്ട് പൊസിഷൻ അന്തിമമല്ല.

5. ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സാംഖ്യാ കണക്കുകളിൽ 4950 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഒരേ വ്യക്തിക്ക് 2 ആനുകൂല്യം-19,926/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം. | SO0021/17 |
| പ്രോജക്ടിന്റെ പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| അടങ്കൽ | 10,00,000/-( എസ് സി പി) |
| ചെലവ് | 7,17,000/- |
| ബിൽ നം. | 2/30.09.2016 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

2.

| | |
|---|---|
| പ്രൊജക്ട് നം.,പേര് | SO 149/17 - എസ്.സി.യുവജനങ്ങൾക്ക് സ്കൂട്ടർ വാങ്ങിനൽകൽ |
| അടങ്കൽ | 800000(എസ് സി പി) |
| ചെലവ് | 368999/- |
| നിർവ്വഹണം | അസി. സെക്രട്ടറി |

'എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ' എന്ന 2016-17ലെ സ്പിൽ ഓവർ പ്രോജക്ടിലെ ഗുണഭോക്താവായ അഖിൽ ജയകുമാർ, S/o സി.എം.ജയകുമാർ, ചിറമോളത്ത്, മുടിക്കൽ എന്ന വ്യക്തിക്ക് കോതമംഗലം എം എ കോളേജിൽ ബി.കോമിന് (രണ്ടാം വർഷം) പഠിക്കുന്നു എന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2016-17 ൽ ലാപ് ടോപ്പ് നൽകിയിട്ടുണ്ട്.എന്നാൽ 'തൊഴിൽരഹിതൻ' എന്നതിനാൽ സ്വയം തൊഴിലിനുള്ള സ്കൂട്ടർ ആനുകൂല്യം (19,926/- ബിൽ നം.20/21.03.2017) ഇതേ കാലയളവിൽ നൽകി. കോതമംഗലം എം.എ.കോളേജ് ഒരു റഗുലർ കോളേജ് ആയതിനാൽ, അതേ കാലയളവിൽ തൊഴിൽരഹിതർക്ക് നൽകിയ സ്കൂട്ടർ ആനുകൂല്യത്തിന് ടിയാനെ തെരഞ്ഞെടുത്തത് അംഗീകരിക്കുന്നില്ല. വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതിനാൽ സ്വയംതൊഴിൽ സംരഭകർക്കുള്ള സ്കൂട്ടറിന് ലഭിച്ച സബ്സിഡി 19,926/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 എസ്.സി യുവജനങ്ങൾക്ക് സ്കൂട്ടർ - രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നം. | SO149/17– എസ്.സി.യുവജനങ്ങൾക്ക് സ്കൂട്ടർ വാങ്ങിനൽകൽ |
| അടങ്കൽ | 800000(എസ് സി പി) |
| ചെലവ് | 368999/- |
| നിർവ്വഹണം | അസി. സെക്രട്ടറി |

എസ്.സി യുവജനങ്ങൾക്ക് സ്കൂട്ടർ വാങ്ങി നൽകൽ എന്ന മേൽ പ്രോജക്ട് അനുസരിച്ച് 2016-17ൽ 20 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എസ്.സി.സ്വയംതൊഴിൽ സംരഭകർക്ക് സ്കൂട്ടർ വാങ്ങി നൽകാനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്.

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ സ. ഉ.(എം.എസ്) നം.4/2016തീയതി 11.01.2016 (11.4ൽ (i)-(v) ജി വരെ ) സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വായ്പ നൽകാനാണ് നിർദേശിച്ചിരിക്കുന്നത്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ സ്കൂട്ടർ ഉപയോഗിച്ച് എന്ത് തൊഴിലാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. സ്കൂട്ടറിന്റെ വിലയ്ക്ക് ആനുപാതികമായി 16000 രൂപ മുതൽ 20000 രൂപ വരെ നൽകിയിട്ടുണ്ട്.

താഴെ പറയുന്ന ഗുണഭോക്താക്കൾ അറിയിപ്പ് നൽകിയിട്ടും വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെപേര് | തുക | ബിൽ നം. |
|---|---|---|---|
| 1 | രാകേഷ് എസ്. | 17660 | 22/25.03.2017 |
| 2 | വേലായുധൻ കെ. | 20000 | 22/25.03.2017 |
| 3 | വിനോദ് എം. ബി. | 18060 | 16/07.03.2017 |
| 4 | സുമതി പുന്നക്കാട് | 20000 | 23/25.03.2017 |
| 5 | സന്ദൂപ് കെ. കെ. | 17594 | 28/31.03.2017 |
| | ആകെ | 93314 | |

ഇത് സംബന്ധിച്ച് നൽകിയ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് അറിയിച്ചത്. എന്നാൽ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 93314/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

.

## 3-3 ടാറിംഗ് പ്രവൃത്തികൾ - ബില്ലിൽ നിന്നും കാലി വീപ്പയുടെ വില കുറവ് ചെയ്തില്ല-നഷ്ടം 19030/-രൂപ

താഴെ പറഞ്ഞിരിക്കുന്ന പ്രോജക്ടുകളിൽപ്പെടുത്തി നടത്തിയ ടാറിംഗ് പ്രവൃത്തികൾക്ക് ഡേറ്റാ നിശ്ചയിച്ച് നൽകിയിരിക്കുന്നത് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് അനുവദിച്ചാണ്. എന്നാൽ പ്രവൃത്തികളുടെ ബിൽ പാസാക്കി തുക നല്കിയപ്പോൾ കാലി ബാരലിന്റെ വില കുറവുചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5, തി.29/7/17) അസി. എഞ്ചിനീയർ നല്കിയ മറുപടി, ബില്ലിൽ നിന്നും കാലി വീപ്പയുടെ വില ഈടാക്കുവാൻ വിട്ടുപോയിട്ടുണ്ടെന്നും ആയത് അടവാക്കുന്നതാണെന്നുമാണ്. അധികം നല്കിയ 19030/- രൂപയും, നികുതി ഇനത്തിലുള്ള 953/- രൂപയും തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

.

| പ്രോജക്ട് നമ്പരും പേരും | കരാറു കാരന്റെ പേര് | അളവു പുസ്തക ത്തിന്റെ നമ്പർ | അളവു പുസ്തകം പ്രകാരം ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ബാരലു കളുടെ എണ്ണം | ഈടാ ക്കേണ്ട തുക, നികുതി | | ചെലവു തുക, ബിൽ നമ്പരും തീയതി യും |
|---|---|---|---|---|---|---|---|
| | | | | | തുക | നികുതി | |
| എസ് - 40/17, സൗഹൃദ മുണ്ടയ്ക്കൽ റോഡ് റീ ടാറിംഗ് | ശ്രീ.കെ.എം. അബ്ദുൾ അസീസ് | 31/16-17 | 1709.46 (പേജ്-12) | 11 | 2618 | 131 | 203955 രൂപ, 6/16-17, 18/3/17 |
| എസ് - 128/17, പള്ളിക്കവല കനാൽപാലം & സെറ്റപ്പ് കവല ചിറമുകൾ റോഡ് റീ ടാറിംഗ് | ശ്രീ.കെ.എം. അബ്ദുൾ അസീസ് | 34/16-17 82/16-17 | 3353.99 (പേജ്-2, 82/16-17) | 21 | 4988 | 250 | 400000 രൂപ, 8/16-17, 18/3/17 |
| എസ് - 27/17, സെറ്റപ്പ് കവല ചിറയംപാടം റോഡ് റീ ടാറിംഗ് | ശ്രീ.എം.എ. അബ്ബാസ് | 23/16-17 | 1151.17 (പേജ്-12) | 7 | 1666 | 84 | 134418 രൂപ, 7/16-17, 18/3/17 |
| എസ് - 29/17, താമരക്കുളം റോഡ് റീ ടാറിംഗ് | ശ്രീ.എം.ഇ. അഹമ്മദ് | 8/16-17 | 3541.16 (പേജ്-23) | 22 | 5236 | 262 | 424246 രൂപ, 9/16-17, 18/3/17 |
| എസ് - 55/17, കുന്നത്തുംകര അറുപത്തി ആറാം നമ്പർ കോളനി റോഡ് റീ ടാറിംഗ് | ശ്രീ.എം.ഇ. അഹമ്മദ് | 6/16-17 | 2954.9 (പേജ്-30) | 19 | 4522 | 226 | 352395 രൂപ, 10/16-17, 18/3/17 |
| | | | | | 19030 | 953 | |

.

## 3-4 ടി എച്ച് ആർ എസ് അമൃതം ഫുഡ് സപ്ലിമെന്റിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല

.

| പ്രോജക്ട് നം. | S0015/17 | S0025/17 |
|---|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരവിതരണം | |
| അടങ്കൽ | 684358/- | 3000000/- |
| ചെലവ് | 684358/- | 2441409/- |

അങ്കണവാടി പോഷകാഹാരവിതരണം എന്ന മേൽ പ്രോജക്ടുകളുടെ ഭാഗമായി, അമൃതം ഫുഡ് സപ്ലിമെന്റ് വാങ്ങാനായി 6,39,452/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വിവിധ അങ്കണവാടികളിലേക്ക് ടി എച്ച് ആർ എസ് (അമൃതം) എടത്തല ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്.

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ഐ സി ഡി എസ് സി3-312/2010ാം നമ്പർ കത്തിൽ അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കർശനമായും അംഗീകൃത ലബോറട്ടറികളിൽ പരിശോധനക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സാമ്പിളുകൾ തൃപ്തികരമല്ല/ഉപയോഗയോഗ്യമല്ല എന്ന ലാബ് റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ലഭ്യമായ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കാക്കനാട് റീജിയണൽ അനലിറ്റിക്കൽ ലാബിന്റെ 24.11.2016 ലെ 1204/16-17 നമ്പർ പരിശോധനാ റിപ്പോർട്ടിൽ, എടത്തല യൂണിറ്റിലെ അമൃതം സാമ്പിളിൽ കൂടിയ അളവിൽ ഇകോളി, കോളിഫോം ബാക്ടീരിയ, യീസ്റ്റ്, മോൾഡ്, എന്നിവയുള്ളതായും, അതിനാൽ ഫുഡ് ആന്റ് സേഫ്റ്റി ആക്ട് 2006 ലെ S.3.1(zz)(x)&(xii) അനുസരിച്ച് 'ഉപയോഗയോഗ്യമല്ല' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ട് വാഴക്കുളം ഐ സി ഡി എസ് സൂപ്പർവൈസർക്ക് ലഭ്യമായിട്ടില്ല. കൂടാതെ 20.06.2017 ൽ (17-18 സാമ്പത്തിക വർഷത്തിൽ) 80ാം നമ്പർ അങ്കണവാടിയിൽ ലഭിച്ച പാക്കറ്റുകളിലൊന്നിൽ നിന്ന് പല്ലിയുടെ ശരീരഭാഗങ്ങൾ ലഭിച്ചതായി ഗുണഭോക്താവ് പരാതി നൽകിയിട്ടുണ്ടെന്ന്, 13.07.2017 ൽ ഐ. സി.ഡി.എസ്. സൂപ്പർവൈസർ പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ട്.

പ്രതികൂലമായ ലാബ് റിപ്പോർട്ട്, ഗുണഭോക്താക്കളുടെ പരാതി എന്നിവ ഗൌരവമായി കാണേണ്ടതാണ്. 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്കുള്ള പൂരകപോഷകാഹാരം, 2006 ലെ ഫുഡ് & സേഫ്റ്റി ആക്ടിലെ നിഷ്കർഷകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, കൃത്യമായ ഇടവേളകളിലെ ലാബ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മാത്രം 'അമൃതം' വാങ്ങേണ്ടതാണെന്ന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ഉത്തരവ് നിലനിൽക്കെ, പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ 16-17 ൽ അമൃതം ഫുഡ് സപ്ലിമെന്റ് എടത്തല കുടുംബശ്രീ യൂണിറ്റിൽ നിന്ന് വാങ്ങിയതിന് 29.07.2017ൽ നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ' ഗുണഭോക്താവിന്റെ പരാതി പരിശോധിച്ച് സാമൂഹ്യനീതി ജില്ലാ പ്രോഗ്രാം ഓഫീസിൽ അറിയിക്കുകയും നടപടിക്ക് കാക്കുകയുമാണെന്ന്' ' വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഏത് യൂണിറ്റിൽ നിന്നാണ് അമൃതം വാങ്ങേണ്ടതെന്ന് തീരുമാനിക്കുന്നത് ജില്ലാതലത്തിലുള്ള സാമൂഹ്യനീതി കൺസോർഷ്യമാണെന്നും, ഐ.സി.ഡി.എസ്.ഓഫീസർക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്.

11.01.2016 ലെ സ ഉ (എം എസ്) നം.4/16/ തസ്വഭവ ഖണ്ഡിക 11.9 ൽ അങ്കണവാടികളിലെ പോഷകാഹാര വിതരണം ഗുണനിലവാരം എന്നിവ സംബന്ധിച്ച 11.9(iii)(iv),(v)(vi) എന്നിവയിലെ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിക്കേണ്ടതാണ്. 11.9 (iv) പ്രകാരം, നിർവ്വാഹകസമിതി പോഷകാഹാരവിതരണം കൂടെക്കൂടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്ന നിഷ്കർഷ ചിട്ടയായി പാലിക്കേണ്ടതാണ്. വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയോടും ഭരണവകുപ്പിനോടും ശുപാർശ ചെയ്യുന്നു.

## 3-5 ആദായ നികുതി ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പദ്ധതി രൂപീകരണവും മോണിറ്ററിംഗും |
| പ്രോജക്ട് നം. | S0043/17 |
| അടങ്കൽ | 2,00,000/-(തനത് ഫണ്ട്) |
| ചെലവ് | 1,27,093/- |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടിന്റെ അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് കരാർ നൽകിയിരുന്നത് ശ്രീ ദിനേഷ് കുമാർ, പഞ്ചമം പ്രസ്സ്, മഞ്ഞപ്പെട്ടി എന്ന വ്യക്തിക്കാണ്. അച്ചടി ജോലികൾ നിർവ്വഹിച്ചതിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ഡി.ഡി.നം./തീയതി | തുക |
|---|---|
| 304999/27.10.2016 | 12,000/- |
| 096587/22.11.2016 | 44,000/- |

| | |
|---|---|
| 036067/21.03.2017 | 16500/- |
| ആകെ | 72,500/- |

ആദായ നികുതി ആക്ട് സെക്ഷൻ 194 സി അനുസരിച്ച് പ്രതിവർഷം 30,000/- രൂപയിൽ അധികം വരുന്ന ബില്ലുകളിൽ നിന്നും 1% IT സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. ഇത് സംബന്ധിച്ച് 29.7.2017ൽ നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ശ്രീ ദിനേഷ് കുമാറിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന ആദായനികുതി 725/- രൂപ ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

## 3-6 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ ഗുരുതരമായ അപാകതകൾ

വാഴക്കുളം ഗ്രാമ പഞ്ചായത്തിലെ 2016-17 ലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ പഞ്ചായത്തിന്റെ വെൽഫയർ പെൻഷൻ വെബ്സൈറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മരണപ്പെട്ട പെൻഷൻകാരുടെ പെൻഷൻ

കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും 'Direct to Home' രീതിയിൽ പെൻഷൻ കൈപ്പറ്റിയിരുന്ന ഏതാനും ഗുണഭോക്താക്കൾ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതും, അതിനു ശേഷം അക്കൌണ്ടിൽ പെൻഷൻ തുക വന്നിട്ടുള്ളതുമാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം, പെൻഷണർ ഐ.ഡി. | അനുവദിക്കപ്പെട്ട പെൻഷന്റെ കാലയളവ് | തുക (രൂപ) | റിമാർക്സ് |
|---|---|---|---|---|
| 1 | രാജപ്പൻ വി.വി.<br>10/571<br>വാഴയിൽ<br>106500200653 | 07/2016,<br>08/2016,<br>09/2016 | 8400/- | ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈമാറാൻ സാധിച്ചില്ല |
| | | 10/2016,<br>11/2016,<br>12/2016 | 3000/- | തുക വിതരണം ചെയ്തു |
| 2 | വി.ഐ.കുഞ്ഞുമുഹമ്മദ്,<br>10/49,<br>വാള്ളരാൻ,<br>പള്ളിക്കവല,<br>മുടിക്കൽ പി. ഒ.<br>106500201608 | 07/2016,<br>08/2016,<br>09/2016 | 6000/- | ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈമാറാൻ സാധിച്ചില്ല |
| | | 10/2016,<br>11/2016,<br>12/2016 | 3000/- | തുക വിതരണം ചെയ്തു |
| 3 | ഖദീജ മുല്ലശ്ശേരി<br>19/6<br>സൌത്ത് വാഴക്കുളം<br>106500201497 | 07/2016,<br>08/2016,<br>09/2016 | 12900/- | ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈമാറാൻ സാധിച്ചില്ല |
| | | 10/2016,<br>11/2016,<br>12/2016 | 4500/- | ആധാർ ഹാജരാക്കാത്തതിനാൽ തടഞ്ഞുവച്ചിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 4 | കരീം കെ.ബി.<br>1/697<br>കുഞ്ചൻപറമ്പിൽ,<br>കുന്നത്തുകര,<br>മാറംപിള്ളി.പി.ഒ.<br>106500201376 | 07/2016,<br>08/2016,<br>09/2016 | 4200/- | ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈമാറാൻ സാധിച്ചില്ല |
| | | 10/2016,<br>11/2016,<br>12/2016 | 3000/- | ആധാർ/സത്യവാങ്മൂലം എന്നിവ ഹാജരാക്കാത്തതിനാൽ തടഞ്ഞു വച്ചിരിക്കുന്നു. |
| 5 | മുഹമ്മദ് കുഞ്ഞ്<br>10/71<br>അരിമ്പാശ്ശേരി<br>നടക്കാവ്<br>106500201301 | 07/2016,<br>08/2016,<br>09/2016 | 9900/- | ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈമാറാൻ സാധിച്ചില്ല |
| | | 10/2016,<br>11/2016,<br>12/2016 | 4500/- | ആധാർ/സത്യവാങ്മൂലം എന്നിവ ഹാജരാക്കാത്തതിനാൽ തടഞ്ഞുവച്ചിരിക്കുന്നു. |

.

മേൽപ്പട്ടികയിലെ ക്രമ നം.1, 2 ഗുണഭോക്താക്കൾ മരണപ്പെട്ടതിനാൽ ഒരു ഗഡു തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതിനു ശേഷം വന്ന ഗഡു വിതരണം ചെയ്തതായി വെബ് സൈറ്റിൽ കാണുന്നു. ഗുണഭോക്താവ് മരണപ്പെട്ടതായി ബോദ്ധ്യപ്പെട്ടിട്ടും അക്കൌണ്ടിൽ വന്ന പെൻഷൻ തുക ഡി ബി റ്റി സെല്ലിൽ തിരികെ അടവാക്കാത്തത് ഗുരുതരമായ വീഴ്ച്ചയാണ്. അതിനു ശേഷം അക്കൌണ്ടിൽ വന്ന തുക വിതരണം ചെയ്തു സംബന്ധിച്ച നിജസ്ഥിതി അന്വേഷിക്കേണ്ടതാണ്.

.

2. കുടിശ്ശിക വിതരണം ചെയ്തിട്ടില്ല.

.

2016 ജൂലായ്, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ കുറെ ഗുണഭോക്താക്കളുടെ പെൻഷൻ തുക 'Door Closed' എന്ന് സൂചിപ്പിച്ച് നൽകാതിരിയ്ക്കുകയുണ്ടായി. തുടർ മാസങ്ങളിലെ പെൻഷൻ തുക അക്കൌണ്ട് നമ്പർ തെറ്റായതിനാൽ തടഞ്ഞുവച്ചു. അതിനു ശേഷമുള്ള മാസത്തെ തുക നൽകിയിട്ടുമുണ്ട്. ഒരു ഉദാഹരണം താഴെ ചേർക്കുന്നു.

.

| ഗുണഭോക്താവിന്റെ പേര്, വിലാസം, പെൻഷണർ ഐ.ഡി. | അനുവദിക്കപ്പെട്ട പെൻഷന്റെ കാലയളവ് | തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| കാർത്തു കുഞ്ഞൻ<br>11/25<br>തുരുത്ത്പാടത്ത്<br>സൌത്ത്<br>വാഴക്കുളം<br>106500601265 | 10/2016,11/2016, 12/2016 | 3000/- | 'Door closed' തുക വിതരണം ചെയ്തില്ല |
| | 01/2017,02/2017, 03/2017 | 3000/- | അക്കൌണ്ട് നമ്പർ തെറ്റായതിനാൽ തടഞ്ഞു വച്ചിരിക്കുന്നു |
| | 04/2017 | 1100/- | തുക കൈപ്പറ്റി |

വിതരണം ചെയ്യാതെയും തടഞ്ഞു വയ്ക്കപ്പെടുകയും ചെയ്ത അർഹതപ്പെട്ട കുടിശ്ശിക തുക നാളിതുവരെ നൽകിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് 01.08.2017 ൽ നൽകിയ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും

ലഭിച്ചിട്ടില്ല.

ഇത്തരത്തിൽ സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കൾക്ക് അർഹമായ വൻകുടിശ്ശിക തുക വിതരണം ചെയ്യാതെ അക്കൌണ്ടിൽ അവശേഷിക്കുന്നതായി കാണുന്നു. സാമൂഹ്യസുരക്ഷാപെൻഷനുകൾ അർഹരായവർക്ക് കാര്യക്ഷമമായി വിതരണം ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

കൂടാതെ മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ വരുന്ന തുക യഥാസമയം ഡി. ബി. റ്റി. സെല്ലിലേക്ക് തിരികെ അടവാക്കുന്നതായി കാണുന്നില്ല. വിഷയത്തിൽ അടിയന്തിര അന്വേഷണം നടത്തി പെൻഷൻ വിതരണം സംബന്ധിച്ച സുതാര്യത ഉറപ്പുവരുത്തേണ്ടതും ക്രമക്കേടുകൾ നടന്നിട്ടുള്ള പക്ഷം തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. വിഷയത്തിൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ഇ ടെൻഡർ - ടെണ്ടർ ഫീ പഞ്ചായത്തിന് ലഭ്യമാകുന്നില്ല

ഇ-ടെണ്ടർ - ടെണ്ടർ ഫീ എന്നിവയുടെ വിവരം

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ നടപടികളിലൂടെ ചെയ്ത മരാമത്ത് പ്രവൃത്തികളിൽ, ടെണ്ടർ ഫീ ഇനത്തിൽ എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (എൽ.എസ്സ്.ജി.ഡി) പേരിലുള്ള അക്കൗണ്ടിലേയ്ക്ക് അടവായിരിക്കുന്ന തുകകളുടെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു. തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ടെണ്ടർ ഫീ |
|---|---|---|
| 1 | മറ്റത്തിൽ ഹസൻബാവ റോഡ് മെറ്റലിംഗ് & റീടാറിംഗ് | 1300 |
| 2 | അംഗൻവാടി മെയിന്റനൻസ് | 1930 |
| 3 | നെടുമല SC കോളനിയിൽ പാലം നിർമ്മാണം | 5000 |
| 4 | കൈപ്പൂരിക്കര കമ്പനിപ്പടി അറക്കത്താഴം റോഡ് ടാറിംഗ് | 1300 |
| 5 | ഏഴിപ്രം പെരിയൻകുന്ന് റോഡ് | 1300 |
| 6 | പറയിക്കുടി റോഡ് റീടാറിംഗ് | 1050 |
| 7 | പാറപ്പുറം ചക്കാലപ്പാറ റോഡ് റീടാറിംഗ് | 1300 |
| 8 | പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം | 5000 |
| 9 | താമരക്കുളം പുനരുദ്ധാരണം | 1100 |
| 10 | പഞ്ചായത്ത് ഓഫീസ് നവീകരണം ഫേസ് 2 | 5000 |
| 11 | ജെറിയാട്രിക് ക്ലിനിക്ക് നിർമ്മാണം ആയുർവേദ ആശുപത്രി | 1030 |
| 12 | പഞ്ചായത്ത് ഓഫീസ് നവീകരണം ഫേസ് 3 | 2500 |
| | ആകെ | 27810 |

## 3-8 ജനറേറ്ററിന്റെ ലോഗ് ബുക്ക് പരിപാലിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | എസ്-185/17, പി.എച്ച്.സി.യിൽ ജനറേറ്റർ വാങ്ങി സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |

| | |
|---|---|
| ചെലവ് തുക, ബിൽ നമ്പരും തീയതിയും | 4,00,000 രൂപ, 14/16-17, 30/03/2017 |

.

പ്രോജക്ട് നമ്പർ 185 പ്രകാരം പി.എച്ച്.സി. യ്ക്കായി 4,00,000 രൂപ ചെലവഴിച്ച് വാങ്ങിയ ജനറേറ്ററിന്റെ ഉപയോഗ വിവരവും, ഇന്ധന ഉപയോഗവും രേഖപ്പെടുത്തുന്ന ലോഗ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല. ലോഗ് ബുക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -19, തീ.2/8/17) മെഡിക്കൽ ഓഫീസർ നല്കിയ മറുപടി, ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ലോഗ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കാമെന്നാണ്. പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 4,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

.

## 3-9 മുട്ടക്കോഴി വിതരണം-ഗുണഭോക്താക്കളിൽ നിന്ന് വാറ്റ് ഇടാക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് നം. | മുട്ടക്കോഴി വിതരണം |
| പ്രോജക്ട് നം. | S00133/17 |
| അടങ്കൽ | 5,00,000/-(വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് | 3,82,500/- |
| ബിൽനം | 17/16-17 തീയതി 30.03.2017 തുക 52,340/- |
| നിർവ്വഹണം | വെറ്റിനറി സർജൻ |

വെറ്റിനറി സർജൻ നടപ്പിലാക്കിയ കോഴി വളർത്തൽ പ്രോജക്ടിന് 100 രൂപ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ നൽകിയിരിക്കുന്നത് വി എ ഷരീഫ് എഗ്ഗർ നഴ്സറി, എയ്ഞ്ചൽ പൌൾട്രി ഫാം എന്നിവടങ്ങളിൽ നിന്നാണ്. കോഴി ഒന്നിന് ഗുണഭോക്തൃ വിഹിതം 25 രൂപയും, പ്ലാൻഫണ്ട് വിഹിതം 75 രൂപയുമാണ്. എന്നാൽ 14.5% വാറ്റ് അടക്കം (25+14.5) 39.5 രൂപയാണ് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയിരിക്കുന്നത്. ഈയിനത്തിൽ ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത 55463/- രൂപ വാറ്റ് ഇനത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട്. 3825 കോഴികൾക്ക് 100 രൂപ നിരക്കിൽ 382500 രൂപ നൽകിയതിന് പുറമെയാണിത്. കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ സർക്കാർ 75% വിഹിതം നൽകുന്ന പ്രോജക്ടിൽ, ഗുണഭോക്താക്കളിൽ നിന്ന് അധികമായി വാറ്റ് 14.5% ഈടാക്കി. ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശമില്ലാതെ ഗുണഭോക്താക്കളിൽ നിന്ന് അധിക തുക ഈടാക്കിയത് ശരിയായ നടപടി അല്ല.

## 3-10 തെറ്റായ താരിഫ് നിർണ്ണയം നാളിതു വരെ ക്രമീകരിച്ചില്ല

വാഴക്കുളം ഗ്രാമ പഞ്ചായത്ത് ഓഫീസ് (കൺസ്യൂമർ നം. 79),കമ്മ്യൂണിറ്റി ഹാൾ (കൺസ്യൂമർ നം.18654) എന്നിവയുടെ വൈദ്യുതി താരിഫ് യഥാക്രമം LT 6F, LT 7B എന്നിവയാണെന്നും ഇത് ക്രമീകരിക്കേണ്ടതാണെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-8ൽ നിർദ്ദേശിച്ചിരുന്നു. ഇതിനെ തുടർന്ന് പഞ്ചായത്ത് 20.01.2017 ൽ ഇത് സംബന്ധിച്ച് കെ എസ് ഇ ബി ക്ക് കത്ത് നൽകിയെങ്കിലും നാളിതു വരെ അപാകത പരിഹരിച്ചിട്ടില്ല.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ OP No. 9/14 തീയതി 14.08.2014 ലെ താരിഫ് പ്രകാരം സർക്കാർ കെട്ടിടങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അവയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്ക് LT 6B താരിഫാണ് ബാധകം. LT 6F എന്നത് സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ലാബുകൾ തുടങ്ങി സേവന മേഖലയിലെ സ്വകാര്യ സ്ഥാപനങ്ങളുടേതും LT 7 എന്നത് കൊമേഴ്സ്യൽ താരിഫുമാണ്. തെറ്റായ താരിഫ് നിർണ്ണയം KSEB യിൽ നിന്നും ക്രമീകരിക്കുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ഈയിനത്തിലുള്ള അധികച്ചെലവ് ഒഴിവാക്കേണ്ടതുമാണ്.

## 3-11 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ കരാറുകൾ അപൂർണ്ണം

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി താഴെപ്പറയും വിധം വാട്ടർ അതോറിറ്റിയിലും, കെ.എസ്.ഇ.ബി. യിലും തുക നിക്ഷേപിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വിവിധ വാർഡുകളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ |
| പ്രോജക്ട് നം. | S00161/17 |
| അടങ്കൽ | 10,20,000/-(8,20,000/-വികസന ഫണ്ട്, 2,00,000/-തനത് ഫണ്ട്) |
| ചെലവ് | 9,72,055/- |
| ബിൽനം<br>ചെക്ക് നം. | 18/16-17 തീയതി 17.02.2016<br>തുക 52,340/-<br>39/16-17 തീയതി 29.03.2017<br>തുക 7,67,660/-<br>61228 തീയതി 28.03.2017<br>തുക 1,52,055/- |

2.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| പ്രോജക്ട് നം. | S00178/17 |
| അടങ്കൽ | 123,000/-(വികസന ഫണ്ട്) |
| ചെലവ് | 123,000/- |
| ബിൽനം | 31/16-17 തീയതി 23.03.2017<br>തുക 123,000/- |

3.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| പ്രോജക്ട് നം. | S00198/17 |
| അടങ്കൽ | 3,60,321/-(വികസന ഫണ്ട്) |
| ചെലവ് | 3,60,321/- |
| ബിൽനം | 33/16-17 തീയതി 23.03.2017 തുക 2,18,321/-<br>32/16-17 തീയതി 23.03.2017<br>തുക 1,42,000/- |

1. ക്രമ നം.1 പ്രോജക്ട് നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി.യിലും ക്രമ നം. 2, 3 എന്നിവയുടെ പൂർത്തീകരണത്തിനായി വാട്ടർ അതോറിറ്റിയിലും തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ പ്രോജക്ട് നം. 161/17 ലെ 52,340/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമായത്.

2. ക്രമ നം. 2, 3 എന്നിവയുടെ കരാറിൽ പ്രവൃത്തി എന്നു തുടങ്ങുമെന്നോ പൂർത്തീകരിക്കുമെന്നോ, കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാകാത്ത പക്ഷം ലഭിക്കേണ്ട നഷ്ടപരിഹാരത്തെക്കുറിച്ചോ വ്യവസ്ഥ ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാർ വയ്ക്കുമ്പോൾ കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാകാത്ത പക്ഷം ലഭിക്കേണ്ട നഷ്ടപരിഹാരം ഉൾപ്പെടെ കൃത്യമായി വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

3. കെ.എസ്.ഇ.ബി. യുമായുള്ള കരാർ പ്രകാരം നവംബർ 2017ലാണ് പ്രവൃത്തി പൂർത്തിയാകേണ്ടത്. എന്നാൽ

23.03.2017 ൽ വാട്ടർ അതോറിറ്റിക്ക് കൈമാറിയ 4,83,321/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-12 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്. |
| പ്രൊജക്ട് നം | S00162/17 |
| അടങ്കൽ | 3,00,000/- (വികസന ഫണ്ട്, പൊതുവിഭാഗം) |
| ചെലവ് | 3,00,000/- |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രോജക്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ 30 കുടുംബശ്രീ യൂണിറ്റുകൾക്ക് 10,000/-രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. 11.01.2016 ലെ സ.ഉ.(എം.എസ്) നം.4/2016 ഖണ്ഡിക 7.5 പ്രകാരം, വ്യക്തവും വായ്പാധിഷ്ഠിതവുമായ തൊഴിൽ സംരംഭ പ്രോജക്ടുകൾക്കു മാത്രം അനുവദിച്ചാൽ മതിയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ 30 കുടുംബശ്രീ യൂണിറ്റുകൾ നടത്തുന്ന സംരംഭങ്ങൾ എന്താണെന്നോ, ഈ യൂണിറ്റുകൾ കഴിഞ്ഞ 6 മാസങ്ങളായി വിജയകരമായി പ്രവർത്തിക്കുന്നുവെന്നോ വിലയിരുത്താതെയാണ് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുള്ളത്. കുടുംബശ്രീ പ്രവർത്തനങ്ങളിൽ സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഊന്നൽ നൽകുന്ന വിധത്തിൽ റിവോൾവിംഗ് ഫണ്ട് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

.

## 3-13 പാലിയേറ്റീവ് കെയർ സേവനത്തിനുള്ള വാഹന ഉപയോഗം.

ഓഡിറ്റ് കാലയളവിൽ പാലിയേറ്റീവ് കെയർ സേവനത്തിന് പഞ്ചായത്തിന്റെ ആംബുലൻസ് ഉപയോഗിക്കാതെ വേറെ വാഹനം പ്രതിദിന വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -18, തീ.1/8/17) മെഡിക്കൽ ഓഫീസർ നല്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്, പഞ്ചായത്തിന്റെ ആംബുലൻസ് ഉപയോഗയോഗ്യമല്ലായെന്നുള്ള വിവരം പഞ്ചായത്ത് അധികാരികളെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും 2017-18 ൽ പാലിയേറ്റീവ് കെയറിനുവേണ്ടിയുള്ള പ്രേജക്ടിൽ ആംബുലൻസ് സർവ്വീസ് ചെയ്യുന്നതിനുള്ള ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, പ്രോജക്ട് പാസാകുന്ന മുറയ്ക്ക് ആംബുലൻസ് സർവ്വീസ് ചെയ്യാമെന്ന് ഗ്രാമ പഞ്ചായത്ത് അധികാരികൾ അറിയിച്ചിട്ടുണ്ടെന്നുമാണ്. എത്രയും വേഗം ആംബുലൻസ് പ്രവർത്തനക്ഷമമാക്കേണ്ടതും വാടക വാഹനം ഒഴിവാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,44,500/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,44,500/- | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 2,50,000/- | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,50,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 32,640/- | കൃഷി ഉഴവ് കൂലി | 32,640/- | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം.161/17) | ബിൽ നം 18/16-17 തീയതി 17.02.2016<br>ബിൽ നം 39/16-17 തീയതി 29.03.2017<br>ചെക്ക് നം.61228 തീയതി 28.03.2017 | 52340/-<br>7,67,660/-<br>152055/- | പ്രവൃത്തി പൂർത്തിയായിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | S00178/17 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം 31/16-17 തീയതി 23.03.2017 അക്കൌണ്ട് ട്രാൻസ്ഫർ | 1,23,000/- | പ്രവൃത്തി പൂർത്തിയായിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | S00198/17 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 32/16-17 തീയതി 23.03.2017<br>33/16-17 തീയതി 23.03.2017 | 142000/-<br>218321/- | പ്രവൃത്തി പൂർത്തിയായിട്ടില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം (ജനറൽ) KURDFC | സർക്കാർ കത്ത് 63430/ ഡിബി/13 530/2010/ ത.സ്വ.ഭ.വ /25.10.2013 | 1,08,00,000/- | 81,50,000/- | 15,00,000/- | 8,78,294/- | 66,50,000/- |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 38,60,893/- |
| തൻവർഷം നിക്ഷേപിച്ച തുക | 3,09,550/- |

| | |
|---|---|
| ആകെ | 4170443/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 41,70,443/- |

(2016-17)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, പെരുമ്പാവൂർ | 625703 | രസീത് നം. 289831 |
| | 480666 | രസീത് നം. 289835 |
| | 304392 | രസീത് നം. 289829 |
| | 166550 | രസീത് നം.289831 |
| | 618558 | രസീത് നം. 289832 |
| | 502722 | രസീത് നം. 289833 |
| | 961007 | രസീത് നം.039644 |
| | 510845 | രസീത് നം. 039645 |
| | 4170443/- | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച 67,170/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 3-9 | 2288/- | ലഭ്യമല്ല | 1160110832 28.04.2016 |
| | 3-7 | 5254/- | ലഭ്യമല്ല | 1160110833 28.04.2016 |
| | 3-1 | 5566/- | ലഭ്യമല്ല | 1160110834 28.04.2016 |
| 2009-10, 2010-11 | 2-1 | 27062/- | ലഭ്യമല്ല | 180400199 30.08.2016 |
| | 2-1 | 27000/- | ലഭ്യമല്ല | 11601103585 |
| ആകെ | | 67,170/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | | 2013-14 | 3.3.6 | വിഷയാധിഷ്ഠിത അവലോകനം - ആരോഗ്യ രംഗത്തെ തദ്ദേശസ്ഥാപന ഇടപെടൽ- പി.എച്ച്.സി. വാഴക്കുളം | കുടിവെള്ള ലഭ്യത ഉറപ്പ വരുത്തി. ഉപകരണങ്ങൾ ലഭ്യമാക്കി. വാഹനം വാങ്ങുന്നതിന് നടപടി സ്വീകരിച്ചു. മരുന്ന് സൂക്ഷിക്കുവാൻ നടപടി സ്വീകരിച്ചു. നിയമസഭാസമിതി തെളിവെടുപ്പ് നടന്നിട്ടില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 6,40,76,564 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,75,06,840 |
| വരവിനങ്ങളിലുള്ള നഷ്ടം | 31,265 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 38,956 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,76,635 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 31,265/- | | ശ്രീ എം.മൊയ്തുണ്ണിക്കുട്ടി, സെക്രട്ടറി |
| 3-1 | | 19,926/- | ശ്രീ കെ. മുരുകൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | | 19,030/- | ശ്രീ യൂസഫ് കെ.എ., അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 93,314/- | ശ്രീ കെ. മുരുകൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 4,00,000/- | ഡോ.ഉണ്ണികൃഷ്ണൻ ജി, മെഡിക്കൽ ഓഫീസർ, പി. എച്ച്. സി |
| 3-11 | 4,83,321/- | ശ്രീ എം. മൊയ്തുണ്ണിക്കുട്ടി, സെക്രട്ടറി |
| ആകെ | 9,76,635/- | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം | സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം | മറ്റു സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം |
|---|---|---|---|
| 2-1 | | | 1635/- |
| 3-5 | 725/- | | |
| 3-3 | | 953/- | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ എം.മൊയ്തുണ്ണിക്കുട്ടി സെക്രട്ടറി | സെക്രട്ടറി വാഴക്കുളം ഗ്രാമപഞ്ചായത്ത് | ഡി 2, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, |

| | | |
|---|---|---|
| | | യൂണിവേഴ്സിറ്റി ക്വാർട്ടേഴ്സ് |
| ശ്രീ കെ. മുരുകൻ<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>വാഴക്കുളം<br>ഗ്രാമപഞ്ചായത്ത് | ഐമനം ഹൗസ്<br>തോട്ടപ്പിള്ളി പി. ഒ.<br>ആലുവ |
| ഡോ.ഉണ്ണികൃഷ്ണൻ ജി.<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി<br>വാഴക്കുളം | ഡോ.ഉണ്ണികൃഷ്ണൻ ജി.<br>ലക്ഷ്മി നിവാസ്<br>പിറവം |
| ശ്രീ യൂസഫ് കെ.എ.<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>വാഴക്കുളം<br>ഗ്രാമപഞ്ചായത്ത് | കൊല്ലംകുടി ഹൗസ്<br>എടത്തല നോർത്ത്<br>ആലുവ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97,97-98 | എൽ എഫ്.ഇ (പി5)1210/99/7.3.00 |
| 1998-99 | എൽ എഫ്.ഇ (പി 5)256/01/30.6.01 |
| 1999-00 | എൽ എഫ്.ഇ (പി 5)1017/01/30.6.01 |
| 2000-01 | എൽ എഫ്.ഇ (പി 5)1370/01/1.8.02 |
| 2001-02 | എൽ എഫ്.ഇ (പി 5)379/04/5.6.04 |
| 2002-03 | എൽ എഫ്.ഇ (പി 5)19/07/03.03.07 |
| 2003-04 | എൽ എഫ്.ഇ (പി 5)746/05/31.05.06 |
| 2004-05 | എൽ എഫ്.ഇ (പി 5)1466/08/16.3.10 |
| 2005-06 | എൽ എഫ്.ഇ (പി 5)1290/09/16.3.10 |
| 2007-008 | എൽ എഫ്.ഇ (പി 5)1296/09/16.03.10 |
| 2008-09 | എൽ എഫ്.ഇ (പി 5)1211/10/23.5.11 |
| 2009-10,10-11 | എൽ എഫ്.ഇ (പി 5)1587/12/13.9.12 |
| 2011-12 | എൽ എഫ്.ഇ (പി 5)2213/13/20.12.13 |
| 2012-13 | എൽ എഫ്.ഇ (പി 5)11/15/4.2.15 |
| 2013-14 | കെ എസ് എ-ഇ.കെ.എം (പി 5) 410/16/9.3.16 |
| 2014-15 | കെ എസ് എ-ഇ.കെ.എം (പി 5) 1075/16/5.7.16 |
| 2015-16 | കെ എസ് എ-ഇ.കെ.എം (പി 5) 1906/2016/07.12.16 |

.

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഫീസ്, എറണാകുളം.

.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.-ഇ.കെ.എം(പി.5)1594/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.
0484 2422271,
ഇ മെയിൽ lfadekm@gmail.com

തീയതി:10/10/2017

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 , കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-6 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

KSA-EKM(P5)1594/2017

Kerala State Audit Department
District Audit Office, Ernakulam
0484 2422271
E-Mail : lfadekm@gmail.com

Date:10/10/2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vazhakulam Grama panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vazhakulam Grama panchayat for the year 2016-17 except the observations in para 2-6 of my audit report properly presents the picture of income and expenditure.

Deputy Director